**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3907** **09-10-2025 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതിയുടെ വൈപ്പിൻ മണ്ഡലത്തിലെ നിലവിലെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പുനർഗേഹം പദ്ധതിയുടെ വൈപ്പിൻ മണ്ഡലത്തിലെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | പുനർഗേഹം പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ 42 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. ഇവരിൽ ഭവന നിർമ്മാണത്തിന്റെ ഒന്നും രണ്ടും ഘട്ടം പൂർത്തീകരിച്ച 42 പേർക്ക് ഒന്നാം ഗഡുവും രണ്ടാം ഗഡുവും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഇവരിൽ മൂന്നാം ഘട്ടം (അവസാനഘട്ടം) പൂർത്തീകരിച്ച 40 പേർക്ക് മൂന്നാം ഗഡു ധനസഹായവും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർ കടൽത്തീരത്ത് നിന്നും മാറി താമസിച്ചിട്ടുണ്ടെന്നും എത്ര പേർ മാറി താമസിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയ്ക്കായി ആകെ ലഭിച്ച 68 അപേക്ഷകരെ ജില്ലാതല അപ്രൂവൽ കമ്മറ്റി അംഗീകരിക്കുകയും ഇതിൽ 40 ഗുണഭോക്താക്കൾ കടൽതീരത്ത് നിന്നും പുതിയ ഗൃഹത്തിലേക്ക് മാറി താമസിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മാറി താമസിക്കുന്നതിലേക്കായി ഈ വർഷം 5 ഗുണഭോക്താക്കളുടെ അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. |
| (സി) | കടൽത്തീരത്ത് നിന്നും അൻപത് മീറ്ററിനപ്പുറം താമസിക്കുന്നവരെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന നിർദേശത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വിശദമാക്കാമോ? | (സി) | ഫിഷറീസ് വകുപ്പ് 2018 ൽ നടത്തിയ സർവ്വേ പ്രകാരവും, ലഭിച്ച അപ്പീൽ അപേക്ഷകൾ പ്രകാരവും വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളെയാണ് പുനർഗേഹം പദ്ധതി പ്രകാരം മാറിതാമസിപ്പിക്കുവാൻ ലക്ഷ്യമിട്ടിരുന്നത്. ഈ പദ്ധതിയുടെ ഭാഗമായി കൂടുതൽ പേരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും, നിലവിൽ കടൽ, തീരത്തോട് അടുത്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ലിസ്റ്റിൽ ഉൾപ്പെടുത്താത്ത, എന്നാൽ നിലവിൽ 50 മീറ്ററിനുള്ളിൽ വരുന്ന ഒട്ടേറെ കുടുംബങ്ങളെ പദ്ധതിയുടെ ഭാഗമാക്കണമെന്ന ആവശ്യം സംബന്ധിച്ച വിഷയം 24.06.2025 ന് ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ പുനർഗേഹം സംസ്ഥാന തല അപെക്സ് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യുകയും തുടർന്ന് നിലവിൽ ലിസ്റ്റിൽ ഉള്ളവരും മാറിത്താമസിക്കാൻ സന്നദ്ധത |

| | | | |
|---|---|---|---|
| | | | അറിയിച്ചിട്ടുള്ളവരുമായവരുടെ പുനരധിവാസം ഉറപ്പാക്കിയതിന് ശേഷം അർഹതാ പട്ടിക പരിഷ്ക്കരിക്കുന്ന കാര്യം പരിഗണിച്ചാൽ മതിയെന്ന് തീരുമാനിച്ചിട്ടുള്ളതുമാണ് . |

സെക്ഷൻ ഓഫീസർ